## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല — വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് -ലോക്കൽ ഫണ്ട് ഓഡിറ്റിൽ തടസ്സപ്പെടുത്തിയ വനിതാ പ്രിന്റിംഗ് പ്രസ്സ് പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിനിയോഗിച്ച 9,97,338/-രൂപയുടെ ചിലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം.3931/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 31/12/2015

പരാമർശം:- 1, വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 1/09/2015 ലെ എ 2-15 നം കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 10/02/2015-ലെ എൽ.എഫ്.19088/പി.റ്റി2/2014 നമ്പർ കത്ത്.

3,പഞ്ചായത്ത്അസിസ്റ്റന്റ് ഡയറക്ടറുടെ 21/10/2015-ലെ പി3-1395/14 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബശ്രീ യൂണിറ്റുകൾക്ക് വനിതാ പ്രിന്റിംഗ് പ്രസ്സ് പ്രോജക്ടിനായി ചെലവഴിച്ച 9,97,338/- രൂപ ലോക്കൽ ഫണ്ട് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ, ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് സമയത്ത് പ്രിന്റിംഗ് പ്രസ്സിന്റെ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാതെ സൂക്ഷിച്ചിരിക്കുകയായിരുന്നുവെന്നും, ഓഡിറ്റ് പരാമർശത്തെ തുടർന്ന് 3 ഫേസ് കണക്ഷൻ ലഭ്യമാക്കുകയും 04/08/2014-ലെ പ്രിന്റിംഗ് പ്രസ്സിന്റെ ഉദ്ഘാടനം നടത്തുകയും തുടർന്ന് അച്ചടി ജോലികൾ നിർവ്വഹിച്ച് വരികയും നിലവിൽ പ്രസ്സിന്റെ നടത്തിപ്പ് ഒരു ആക്ടിവിറ്റി ഗ്രൂപ്പിനെ ഏൽപ്പിച്ചിട്ടുണ്ടെന്നും നിലവിൽ പ്രസ്സ് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണെങ്കിലും പ്രസ്സിന്റെ ഭാവിസാധ്യതകൾ വിലയിരുത്തണമെങ്കിൽ ചുരുങ്ങിയത് ഒരുവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരവ് ചെലവ് കണക്കുകൾ പരിശോധിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ വനിതാ പ്രിന്റിംഗ് പ്രസ്സ്

കുടുംബശ്രീയുടെ മേൽ നോട്ടത്തിൽ ലഘുവായി പ്രവർത്തിച്ചുവരുന്നതായും കരാർ ജോലികളാണ് ഇപ്പോൾ കൂടുതൽ ചെയ്തുവരുന്നതെന്നും കെട്ടിട വാടക ഇനത്തിൽ പ്രതിമാസം 1050 രൂപ പഞ്ചായത്തിന് കുടുംബശ്രീക്കാർ നൽകി വരുന്നുവെന്നും ജീവനക്കാർക്ക് ശരാശരി 250-300 രൂപ വേതനം ലഭിച്ചു വരുന്നുവെന്നും ഗ്രാമപഞ്ചായത്ത് തുക മുടക്കിയതിന്റെ പ്രയോജനമോ ലക്ഷ്യമോ വനിതാ പ്രിന്റിംഗ് പ്രസ്സിൽ നിന്നും ലഭിക്കുന്നില്ലായെന്നും പരാമർശം 3 പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിന്റിംഗ് പ്രസ്സ് നിലവിൽ പ്രവർത്തനക്ഷമമായതിനാലും ആയത് വനിതകൾക്ക് ഗുണപ്രദമായതിനാലും ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിന്റെ വനിതാ പ്രിന്റിംഗ് പ്രസ്സ് പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിച്ച 9,97,338/-(ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി മുന്നൂറ്റി മുപ്പത്തിയെട്ട് രൂപാ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ